# M.M.N.S.S.College

Kottiyam, Kollam Dist., Kerala, INDIA- 691571

http://www.mmnsscollege.ac.in


## ആറ്റിങ്ങൽ വിപ്ലവത്തിന്റെ മുന്നൂറാം വാർഷികം ആഘോഷിച്ചു

കൊട്ടിയം : കൊട്ടിയം മന്നം മെമ്മോറിയൽ എൻ. എസ്സ്. എസ്സ്. കോളജിലെ സെന്റർ ഫോർ ഗാന്ധിയൻ സ്റ്റഡീസും “ഞങ്ങൾ ആറ്റിങ്ങൽകാരാ" ഫേസ്ബുക് കൂട്ടായ്മയും സംയുക്തമായി ആറ്റിങ്ങൽ വിപ്ലവത്തിന്റെ 300 വാർഷികം ആഘോഷിച്ചു .കോളേജ് പ്രിൻസിപ്പൽ ഡോ. ട. ബീന ഉത്ഘാടനം ചെയ്ത വെബ്ബിനാറിൽ കേരള സർവകലാശാല മുൻ സിണ്ടിക്കേറ്റ് അംഗം ഡോ. M. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. ഡോ. ദേവകുമാർ,  ശ്രീ. അയ്യപ്പൻ, ശ്രീ. ആറ്റിങ്ങൽ മോഹൻ ലാൽ, ഡോ. ഹരികൃഷ്ണൻ,  ഡോ. ദീപു JS എന്നിവർ വിഷയം അവതരിപ്പിച്ചു . ആറ്റിങ്ങൽ  വിപ്ലവം സ്വാതത്ര്യത്തിന്റെ  ആദ്യ ചുവടുവെപ്പായി വേണം കണക്കാക്കേണ്ടത് എന്ന് വിഷയം അവതരിപ്പിച്ചു പ്രസംഗിച്ച ഡോ. ദേവകുമാർ പറഞ്ഞു . ആറ്റിങ്ങൽ വിപ്ലവത്തിൽ കൊല്ലപ്പെട്ട ബ്രിട്ടീഷ് കാരുടെ കണക്കു മാത്രമേ ചരിത്രത്തിൽ രേഖപെടുത്തിയിട്ടുള്ളു എന്നും കൊല്ലപ്പെട്ട നാട്ടുകാരുടെ വിവരം മനഃപൂർവം ഒഴിവാക്കാപ്പെട്ടെന്നും എന്ന് ചരിത്രപണ്ഡിതൻ  തെക്കുംഭാഗം രാകേഷ് കുമാർ പ്രസ്താവിച്ചു. ഇത്തരം വിവരങ്ങൾ കൂടി ഉൾകൊള്ളിച്ചു ആറ്റിങ്ങൽ വിപ്ലവത്തിന്റെ  വിശദമായ ചരിത്രം ഉടനെ രചിക്കും എന്ന് ശ്രീ. ആറ്റിങ്ങൽ മോഹൻ ലാൽ പറഞ്ഞു . സെന്റർ ഫോർ ഗാന്ധിയൻ സ്റ്റഡീസ് കോ-ഓർഡിനേറ്റർ  ഡോ. കിഷോർ റാം സ്വാഗതവും  ശ്രീമതി. കെ ജി മീര കൃതജ്ഞതയും രേഖപ്പെടുത്തി.

12/05/2021

Dr K.S.Beena

(Principal-in-charge)